(ബി) കരിമ്പുസെസ്സിനത്തിൽ സ്റ്റോറിൽനിന്നു പ്രതിവർഷം എത്ര തുകയാണു് ലഭിക്കുന്നതു് ;

(സി) കരിമ്പുകൃഷി വികസനത്തിനു് എത്ര തുക, എങ്ങനെ, നമ്മുടെ സ്റ്റോറിൽ വിനിയോഗിക്കുകയുണ്ടായി ?

കൃഷ്യുവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) ;

(എ) നമ്മുടെ സ്റ്റോറിൽ കരിമ്പിനു് സെസു് ചുമത്തുന്നില്ല. അതു കൊണ്ടു് കേന്ദ്രഗവണ്മെൻറിൽ നിന്നും നിർദ്ദേശം ഒന്നും ലഭിച്ചിട്ടില്ല.

(ബി) എ വകുപ്പിനു കൊടുത്തിട്ടുള്ള ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് ചുവടെ ചേർത്തിരിക്കുന്ന 8 കരിമ്പുകൃഷി വികസന പദ്ധതികൾക്കായി 1962 ഡിസംബർ വരെക്കു 5,00,495 രൂപ ചെലവായിട്ടുണ്ടു്.

1. വിത്തുവിതരണവും വിത്തുൽപാദനകേന്ദ്രങ്ങളുടെ സ്ഥാപനവും.
2. സസ്യസംരക്ഷണ നടപടികൾ.
3. മാതൃകാകരിമ്പു കൃഷി കേന്ദ്രങ്ങൾ.
4. വിളവു മത്സരം.
5. പദ്ധതി പ്രചരണം.
6. ഭരണപരമായ ചെലവുകൾ.
7. പഞ്ചസാര ഫാക്ടറി പരിസരങ്ങളിലെ റോഡു് നന്നാക്കൽ
8. ചെറുകിടജലസേചനം,

ശ്രീ. എം. എ. ആൻറണി : കരിമ്പിനു എല്ലാ വർഷവും നവംബർ മാസം എന്നു കണക്കാക്കിയിട്ടാണു് പ്രൈസു് നിശ്ചയിക്കുന്നതു്. എന്നാൽ കേരളത്തിൽ സെപ്തംബർ മാസം മുതൽ ദാണു് വില ഉയർന്നു നിൽക്കുന്നതു്. അതു കാരണം വലിയ വ്യത്യാസം ഇതിൻെറ കണക്കു കൂട്ടലിൽ വരുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : അടുത്തകാലത്തു് ഇതു സംബന്ധിച്ചു ഒരു പരാതി ലഭിച്ചു. അതു പരിശോധിച്ചു ഇനി എന്തു ചെയ്യാൻ കഴിയുമെന്നു ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ ; കരിമ്പുകൃഷിയുടെ പ്രൊഡക്ഷൻ വർദ്ധിപ്പിക്കുവാനും ഉയർന്നതരം സ്റ്റേയിൻസു് ഉപയോഗിക്കുവാനും വേണ്ടി ഇവിടെ ഒരു റിസർച്ചു സ്റ്റേഷൻ ഉണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : ഒരു റിസർച്ചു സ്റ്റേഷൻ ഉണ്ടു്. ഈ റിസർച്ചുസ്റ്റേഷനിൽ കോയമ്പത്തൂർ വെറൈറ്റിനല്ലതാണോ എന്നു പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ : എവിടെയാണു് ഈ റിസർച്ചു സ്റ്റേഷൻ സ്ഥാപിച്ചിട്ടുള്ളതു്?

ശ്രീ. ഈ. പി. പൗലോസു് : ഇപ്പോഴത്തെ റിസർച്ചു സ്റ്റേഷൻ മദ്ധ്യതിരുവിതാംകൂറിലാണു്.

മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയ പണികൾ.

* 348. [7] ശ്രീ. പി. ആർ. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാംപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന പൊതുമരാമത്തു പണികളിൽ ഏതെങ്കിലും നാഷണൽ എമർജൻസിയുടെ പേരിൽ വെട്ടിക്കുറച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൃശ്ശൂർ ജില്ലയിൽപ്പെട്ട പഴന്നാന പുതുശേരി റോഡിന്റെ ഇൻ വെസ്റ്റിഗേഷൻപോലും ആരംഭിക്കാതിരിക്കാൻ കാരണമെന്തു് ;

(സി) അടുത്തവർഷത്തിൽ അതിന്റെ പണി ആരംഭിക്കുവാൻ നടപടിയെടുക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ധനദൗർല്ലഭ്യംമൂലം മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന 434 വർക്കുകളും മാറ്റിവെച്ചിട്ടുണ്ടു്.

(ബി, സി) പ്രസ്തുത റോഡു് പഞ്ചായത്തിന്റെ കീഴിൽ നിന്നും പൊതുമരാമത്തിന്റെ കീഴിലേയ്ക്കു മാറ്റുന്നതിന്റെ അവസാന തീരുമാനം എടുക്കുന്നതുവരെ അതിന്റെ പണി നടത്താൻ നിർവാഹമില്ല.

ഡ്രൈ സ്റ്റോക്കു ഫാം.

* 349. [8] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് ഗവണ്മെന്റുവക എത്ര ഡ്രൈ സ്റ്റോക്കു് ഫാം ഉണ്ടു് ; എവിടെയെല്ലാം ;

(ബി) ഓരോന്നിനും വേണ്ടിവരുന്ന നോൺ റെക്കറിംഗ് എക്സ് പെൻഡിച്ചർ എത്ര ;

(സി) 1960–61, 1961–62, 1962–63 ഡിസംബർവരെ ഈ വർഷങ്ങളിൽ ഓരോ ഫാമിലും വരവെത്ര ; ചെലവെത്ര ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) രണ്ടു്. തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ പാലോട്ടും, കൊല്ലം ഡിസ്ട്രിക്റ്റിൽ കുര്യോട്ടുമലയിലും.

(ബി) ഉദ്ദേശം 50,000 രൂപ.

(സി) ലിസ്റ്റു മേശപ്പുറത്തുവച്ചിട്ടുണ്ടു്. †

ശ്രീമതി കുസുമം : കൊല്ലം ഡിസ്ട്രിക്റ്റിലുള്ള ഡ്രൈ സ്റ്റോറ്റോക്കു ഫാമിൽ 1960–61 മുതൽ ചെലവാക്കിയതായി പറയുന്നുണ്ടു്. പക്ഷെ, വരവൊന്നും ഈ മൂന്നുവർഷമായിട്ടു് കാണുന്നില്ല. എന്നാൽ 1–3–1963 മുതലേ ഈ ഫാം വർക്കു ചെയ്യുകാണുന്നുള്ളൂ. ഈ മൂന്നുവർഷക്കാലം ചെലവുണ്ടായതു എങ്ങിനെയാണു് ?

ശ്രീ. ഈ. പി. പൗലോസു് : വക്കുചെയ്യുക എന്നു പറഞ്ഞാൽ സ്ഥലം എടുക്കുകയും വേണ്ട സജ്ജീകരണങ്ങളും തയാറാക്കുകയും ചെയ്യുന്നതുകൂടി ഉൾപ്പെട്ടതാണു്. അതിലേക്കാണു് ഈ തുക ചെലവായിട്ടുള്ളതു്.

ശ്രീ. കെ. കൃഷ്ണപിള്ള : കൊല്ലത്തുള്ള കുര്യോട്ടുമലയിലെ ഫാമിൽ ഒരു പശുവിനെപ്പോലും സൂക്ഷിക്കുന്നതിനു കിട്ടിയിട്ടില്ലെന്നറിയുന്നതു ശരിയാണോ ?

ശ്രീ. ഈ. പി. പൗലോസു് : സാധാരണയായി ഇങ്ങനെ സൂക്ഷിക്കുവാൻ കിട്ടുകയില്ല. അതിനുള്ള കാരണം അതിനു വേണ്ടിവരുന്ന ചെലവു അവിടെ കൊടുക്കുവാനുള്ള ബുദ്ധിമുട്ടുകൊണ്ടു് ആരും താല്പര്യം കാണിക്കാത്തതായിരിക്കും. സിറ്റിക്കകത്താണെങ്കിൽ കൂടുതൽ ബുദ്ധിമുട്ടും ചെലവും കന്നുകാലി സംരക്ഷണത്തിനു വേണ്ടിവരുന്നതുകൊണ്ടു് സിറ്റിക്കടുത്തുള്ള ഫാമിൽ ഇങ്ങനെ താല്പര്യം കാണിക്കുന്നുണ്ടു്. സിറ്റിയിൽ നിന്നും അകന്നു പാർക്കുന്നവർ പൊതുവിൽ ഇതിനു താല്പര്യക്കുറവാണു കാണിക്കുന്നതു്.

† Appendix I

LIBRARY ARCHIVES Kerala Legislative Assembly